**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5111 — 27.06.2019 ൽ മറുപടിക്ക്

## ശാരീരിക - മാനസിക വൈകല്യമുള്ളവർക്ക് ചികിത്സാസഹായം

| ചോദ്യം<br><br>ശ്രീ.എം. രാജഗോപാലൻ | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|
| ശാരീരിക വൈകല്യം മൂലം ജീവിതാവസാനം വരെ ചികിൽസ തേടേണ്ടി വന്നവർക്കും മാനസിക വൈകല്യമുള്ളവർക്കും ചികിത്സക്ക് വർഷം തോറും സഹായം അനുവദിക്കാൻ നടപടി ഉണ്ടാകുമോ; വ്യക്തമാക്കാമോ? | മാരകരോഗങ്ങളാൽ (ക്യാൻസർ, ഡയാലിസിസ്, Chronic liver diseases, ഹൃദയ ശസ്ത്രക്രിയ, മസ്തിഷ്ക ശസ്ത്രക്രിയ) അവശത അനുഭവിക്കുന്ന നിർദ്ധനരായ രോഗികൾക്ക് ഡോക്ടർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 50,000/- രൂപ വരെ ഒറ്റത്തവണ മാത്രം ധനസഹായം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും Society for Medical Assistanace to poor എന്ന പദ്ധതി മുഖേന നൽകി വരുന്നു. കൂടാതെ സംസ്ഥാനത്ത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം അംഗങ്ങളായ കുടുംബത്തിന് 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സാ സഹായം തെരഞ്ഞെടുത്ത സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികൾ വഴി ലഭ്യമാകും. എന്നാൽ ജീവിതാവസാനം വരെ സാമ്പത്തിക ചികിത്സാ സഹായം നൽകുന്ന പദ്ധതികളൊന്നും ആരോഗ്യ വകുപ്പിൽ ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ